# പതിനഞ്ചാം കേരള നിയമസഭ

## സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
## (2023-2026)

**നാൽപ്പത്തിയൊൻപതാമത് റിപ്പോർട്ട്**

**(2026 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2019-21) യുടെ**
**ഇരുപത്തിനാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ**
**സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

**പതിനഞ്ചാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2023-2026)

**നാൽപ്പത്തിയൊൻപതാമത് റിപ്പോർട്ട്**

**(2026 ഫെബ്രുവരി 24-ാം തീയതി സമർപ്പിച്ചത്)**

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2019-21) യുടെ**
**ഇരുപത്തിനാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ**
**സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | - | V |
| അവതാരിക | - | VII |
| റിപ്പോർട്ട് | - | 1 |
| അനുബന്ധം I (എസ്.ആർ.ഒ. നം. 930/2025) | | |
| അനുബന്ധം II (എസ്.ആർ.ഒ. നം. 612/2019) | | |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി

**(2023–2026)**

**ഘടന**

**ചെയർപേഴ്സൺ :**

**ശ്രീ. എം. എം. മണി,** എം. എൽ. എ.

**അംഗങ്ങൾ** :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം. എൽ. എ.

ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ.

ഡോ. മാത്യു കുഴൽനാടൻ, എം. എൽ. എ.

ശ്രീ. എം. മുകേഷ്, എം. എൽ. എ.

ശ്രീ. സി. സി. മുകുന്ദൻ, എം. എൽ. എ.

ശ്രീ. വി. കെ. പ്രശാന്ത്, എം. എൽ. എ.

ശ്രീ. സജീവ് ജോസഫ്, എം. എൽ. എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം. എൽ. എ.

**നിയമസഭാ സെക്രട്ടേറിയറ്റ്** :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി - ഇൻ - ചാർജ്ജ്

ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബീന ഒ. എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി(ഹ.ഗ്രേ.)

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2023-2026)-യുടെ ചെയർപേഴ്സണായ ഞാൻ കമ്മിറ്റി അധികാരപ്പെടുത്തിയതനുസരിച്ച്, കമ്മിറ്റിയുടെ നാൽപ്പത്തിയൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി **(2019-21)** യുടെ ഇരുപത്തിനാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

2017-ലെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ (ഭേദഗതി) ആക്റ്റിനു (2017-ലെ 22-ാം ആക്റ്റ്) കീഴിൽ സർക്കാർ പുറപ്പെടുവിച്ച 623/2018 നമ്പർ എസ്. ആർ. ഒ. (2018-ലെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ചട്ടങ്ങൾ) യുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ചുള്ള പതിനാലാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി **(2019-21)** യുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് 12.01.2021-ന് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി 09.01.2024, 06.11.2025 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2026 ഫെബ്രുവരി 23-ാം തീയതി ചേർന്ന യോഗത്തിൽ കമ്മിറ്റി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. എം. മണി,
ചെയർപേഴ്സൺ,
സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,
2026 ഫെബ്രുവരി 24

## റിപ്പോർട്ട്

പതിനാലാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2019-2021)യുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് 12-01-2021-ന് സഭയിൽ സമർപ്പിച്ചു. കേരള തീരത്ത് സമുദ്ര മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യബന്ധന യാനങ്ങൾക്ക് നിയന്ത്രണങ്ങൾ കൊണ്ടുവന്ന്, മത്സ്യസമ്പത്ത് സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് 1980-ലെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്റ്റ് (1981-ലെ 10-ാം ആക്റ്റ്) നിലവിൽ വന്നത്. പ്രസ്തുത ആക്റ്റിലെ 24-ാം വകുപ്പ് (1),(2) ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 1141/80-ാം നമ്പർ എസ്.ആർ.ഒ. പ്രകാരം 1980-ലെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. വലിപ്പത്തിനോ എണ്ണത്തിനോ യന്ത്രശേഷിക്കോ നിയന്ത്രണമില്ലാതെ മത്സ്യബന്ധന യാനങ്ങൾ കടലിലിറക്കുകയും വലക്കണ്ണികളുടെ അകലത്തിനോ നീളത്തിനോ മാനദണ്ഡമില്ലാതെ റിംഗ് വലകൾ ഉപയോഗിക്കുകയും ചെയ്തതിനെ തുടർന്ന് മത്സ്യസമ്പത്ത് ഗണ്യമായി കുറഞ്ഞതുമൂലം മത്സ്യബന്ധനത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്നത് അനിവാര്യമായി വന്ന സാഹചര്യത്തിൽ 1980-ലെ മൂലനിയമത്തിൽ നിരവധി മാറ്റങ്ങൾ വരുത്തികൊണ്ട് 2017-ലെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ (ഭേദഗതി) ആക്റ്റ് (2017-ലെ 22-ാം ആക്റ്റ്) നിലവിൽ വരികയും അതിന് അനുസൃതമായി,1980-ലെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 623/2018) അതിലംഘിച്ചുകൊണ്ട് 623/2018-ാം നമ്പർ എസ്.ആർ.ഒ. പ്രകാരം 2018-ലെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. 2018-ലെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ചട്ടങ്ങൾ സംബന്ധിച്ച പ്രസ്തുത എസ്.ആർ.ഒ. 29.08.2019 ന് ചേർന്ന സമിതിയോഗം സൂക്ഷ്മപരിശോധ നടത്തുകയും മത്സ്യബന്ധനവും തുറമുഖവും, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. എസ്.ആർ.ഒ.യുടെ വിശദമായ പരിശോധനയിലൂടെയും തെളിവെടുപ്പിലൂടെയും സമിതിയ്ക്ക് ബോധ്യപ്പെട്ട വസ്തുതകളാണ് സമിതിയുടെ ശിപാർശകളും നിഗമനങ്ങളുമായി ഇരുപത്തിനാലാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നത്.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ് 06.12.2023, 20.08.2025 എന്നീ തീയതികളിലെ ബി3/55/2021/മതുവ നമ്പർ കത്തുകൾ പ്രകാരം ലഭ്യമാക്കിയ മറുപടി യഥാക്രമം 09.01.2024, 06.11.2025

തീയതികളിലെ സമിതിയോഗം പരിഗണിക്കുകയും ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി അംഗീകരിക്കുകയും ചെയ്തു. ഈ റിപ്പോർട്ടിൽ സമിതി ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച അന്തിമ മറുപടികളും ഉൾക്കൊള്ളിച്ചിരിക്കുന്നു.

**സമിതി (2019-2023) യുടെ ഇരുപത്തിനാലാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും**

**എസ്.ആർ.ഒ. നമ്പർ 623/2018**

(2018-ലെ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ചട്ടങ്ങൾ)

**ശിപാർശ (ഖണ്ഡിക 3)**

ചട്ടം 2(f)-ലെ Naval architect-ന്റെ നിർവ്വചനത്തിന്റെ അവസാനം 'as may be empanelled by the Department' എന്ന് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 5)**

ചട്ടം 3(2)-ൽ Fishing in any specified area by such class or classes of fishing vessel may be regulated under clause (a) of sub-section (1) of section 4, namely എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത് ആക്റ്റിലെ സെക്ഷൻ 4(1) പ്രകാരം നിയമസഭ, സർക്കാരിന് നൽകിയ അധികാരം സർക്കാർ വീണ്ടും re-delegate ചെയ്യുന്നതായി അർത്ഥം വരുന്നതിനാൽ ചട്ടം 3(2)-ലെ 'may be regulated' എന്നത് 'is regulated' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 6)**

ചട്ടം 3(2) (a)-യിലും (d)-യിലും പരാമർശിച്ചിട്ടുള്ള 'from this date' എന്നത് 'from the date of publication of these rules' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 7)**

ചട്ടം 3(4)-ലെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ പറയുന്ന 'innocent passage'-ന്റെ നിർവ്വചനം ചട്ടം (2)-ൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 8)**

ചട്ടം 3(4)-ലെ രണ്ടാം ക്ലിപ്ത നിബന്ധനയിലെ 'Vessel tracking device' എന്നത് 'Vessel Tracking Device' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 9)**

ആക്ടിലെ സെക്ഷൻ 4(1) (f)-ൽ use of any dynamite എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ചട്ടം 6(1) (a)-ൽ dynamite എന്ന വാക്കിന് മുൻപായി 'any' എന്ന വാക്ക് കൂടി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 11)**

Form 10-ൽ Signature of Authorised officer', (Seal)' എന്നിവയ്ക്ക് പകരം 'Signature' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 12)**

ചട്ടം 14 പ്രകാരമുള്ള stage certificate രജിസ്റ്ററിന്റെ മാതൃക ചട്ടത്തിൽ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 13)**

ചട്ടം 17 പ്രകാരം രജിസ്ട്രേഷൻ എടുത്ത ഒരു fishing net production unit-ന്റെ ഉടമ, ഓരോ സാമ്പത്തിക വർഷവും ഉൽപ്പാദിപ്പിച്ച വലയുടെയും അത് വാങ്ങിയ മത്സ്യബന്ധനയാന ഉടമകളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തികൊണ്ട് വാർഷിക റിപ്പോർട്ട് നൽകണമെന്ന വ്യവസ്ഥ കൂടി പ്രസ്തുത ചട്ടത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 14)**

ചട്ടം 20(2) പ്രകാരം ഭക്ഷ്യയോഗ്യമല്ലാത്തതും വിൽപ്പന നടത്തുവാൻ സാധിക്കാത്തതുമായ മത്സ്യം പിടിച്ചെടുത്ത് ഡിസ്പോസ് ചെയ്യുമ്പോൾ സർക്കാരിന് ഉണ്ടാകുന്ന ചെലവ് കുറ്റം ചെയ്തവരിൽ നിന്ന് ഈടാക്കുന്നതിന് ചട്ടത്തിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 15)**

ചട്ടം 20(4)-ൽ പരാമർശിച്ചിരിക്കുന്ന illegal material-നെ കുറിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിനായി ചട്ടം (4)-ന് ശേഷം ഒരു വിശദീകരണക്കുറിപ്പ് ചേർക്കണമെന്നും illegal material പിരിച്ചെടുത്ത് നശിപ്പിക്കുമ്പോൾ സർക്കാരിന് ഉണ്ടാകുന്ന ചെലവ് കുറ്റക്കാരിൽ നിന്ന് ഈടാക്കുന്നതിനായി ചട്ടം 20(4)-ൽ proviso കൊണ്ടുവരണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 16)**

ചട്ടം 20(5)-ലെ 'for 2 times', '14 days' എന്നിവയ്ക്ക് പകരം 'for twice', 'fourteen days' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 18)**

ചട്ടത്തിലെ എല്ലാ ഫാറങ്ങളുടെയും മുകളിലായി "The Kerala Marine Fishing Regulation Rules, 2018' എന്ന് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി(2019-21)യുടെ 24-ാം റിപ്പോർട്ടിൽ സമിതി ശിപാർശ (ശിപാർശ നം. 3, 5, 6, 7, 8, 9, 11, 12, 13, 14, 15, 16, 18) ചെയ്ത പ്രകാരമുള്ള ഭേദഗതികൾ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ റൂൾസ് 2018-ൽ വരുത്തിക്കൊണ്ട് 19.08.2025 തീയതിയിലെ എസ്.ആർ.ഒ. നം. 930/2025 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

[മത്സ്യബന്ധന തുറമുഖ (ബി) വകുപ്പിന്റെ 22.08.2025 തീയതിയിലെ ബി3/55/2021/മതുവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 06.11.2025 ലെ സമിതിയോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 10)**

സംസ്ഥാനത്ത്, ചട്ടം 7(1) പ്രകാരമുള്ള ഫിഷിംഗ് വെസ്സൽസിന്റെ രജിസ്ട്രേഷൻ ഫീസും ചട്ടം 8(1) പ്രകാരമുള്ള ലൈസൻസ് ഫീസും അഖിലേന്ത്യാ തലത്തിലും ഇതര സംസ്ഥാനങ്ങളിലുമുള്ള രജിസ്ട്രേഷൻ, ലൈസൻസ് ഫീസുകളെക്കാൾ കൂടുതലാണെന്ന്

സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഫിഷിംഗ് വെസ്സൽസിന്റെ രജിസ്ട്രേഷൻ ഫീസ്, ലൈസൻസ് ഫീസ് എന്നിവയുടെ നിരക്ക് കുറവ് ചെയ്യണമെന്നും അതിന്റെ വിജ്ഞാപനം അടിയന്തരമായി പുറപ്പെടുവിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

മത്സ്യത്തൊഴിലാളികളുടെയും, മത്സ്യത്തൊഴിലാളി സംഘടനകളുടെയും നിരന്തരമായ ആവശ്യപ്രകാരം ഫീസുകൾ പുനപരിശോധിച്ച് 01-09-2019-ലെ സ.ഉ. (അച്ചടി) നം.36/2019/F&P വിജ്ഞാപനം പ്രകാരം (എസ്.ആർ.ഒ. നമ്പർ 612/2019) 2018-ലെ കെ.എം.എഫ്.ആർ ചട്ടങ്ങളിലെ ചട്ടം 7(1)-ലും 8(1)-ലും ഭേദഗതി വരുത്തി മത്സ്യബന്ധനയാനങ്ങളുടെ രജിസ്ട്രേഷൻ, ലൈസൻസ് ഫീസുകളുടെ നിരക്ക് ചുവടെ പറയും പ്രകാരം കുറവ് ചെയ്തിട്ടുണ്ട്. ആയത് ഇപ്പോഴും പ്രാബല്യത്തിലുണ്ട്.

**മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ ഫീസ്**

| ക്രമ നം. | ആകെ നീളം അടിസ്ഥാനമാക്കിയുള്ള മത്സ്യബന്ധന യാനങ്ങളുടെ തരം | ഫീസ് (രൂപയിൽ) |
|---|---|---|
| 1 | 5 മീറ്ററിന് താഴെ | 100 |
| 2 | 5 മുതൽ 9.99 മീറ്റർ വരെ | 300 |
| 3 | 10 മുതൽ 14.99 മീറ്റർ വരെ | 2000 |
| 4 | 15 മുതൽ 19.99 മീറ്റർ വരെ | 3000 |
| 5 | 20 മുതൽ 24.99 മീറ്റർ വരെ | 15000 |
| 6 | 25 മീറ്ററിനും അതിന് മുകളിലും | 25000 |

**മത്സ്യബന്ധന യാനങ്ങളുടെ ലൈസൻസ് ഫീസ്**

| ക്രമ നം. | ആകെ നീളം അടിസ്ഥാന-മാക്കിയുള്ള മത്സ്യബന്ധന യാനങ്ങളുടെ തരം | ഫീസ് (രൂപയിൽ) | സെക്യൂരിറ്റി തുക (രൂപയിൽ) |
|---|---|---|---|
| 1 | 5 മീറ്ററിന് താഴെ | ഇല്ല | ഇല്ല |
| 2 | 5 മുതൽ 9.99 മീറ്റർ വരെ | 200 | ഇല്ല |
| 3 | 10 മുതൽ 14.99 മീറ്റർ വരെ | 2000 | 2000 |
| 4 | 15 മുതൽ 19.99 മീറ്റർ വരെ | 3000 | 5000 |

[മത്സ്യബന്ധന തുറമുഖ (ബി) വകുപ്പിന്റെ 06.12.2023 തീയതിയിലെ ബി3/55/2021/മതുവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 09.01.2024 ലെ സമിതിയോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 17)**

Juvenile fish catching നടത്തുന്നതുമൂലം മത്സ്യസമ്പത്തിൽ വലിയ ഇടിവ് ഉണ്ടാകുന്നത് കണക്കിലെടുത്ത് കേരളത്തിൽ നിന്ന് juvenile fish catching നടത്തുന്ന ഇതര സംസ്ഥാന ബോട്ട് ഉടമകൾ ഉൾപ്പെടെയുള്ളവർക്കുള്ള ശിക്ഷ നടപ്പാക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

വൻകിട ട്രോളിംഗ് ബോട്ടുകളും, ഇതര സംസ്ഥാന ബോട്ടുകളും, പരമ്പരാഗത മത്സ്യത്തൊഴിലാളികളും അശാസ്ത്രീയമായി പിടിച്ചെടുക്കുന്ന ചെറു മത്സ്യങ്ങളെ വളം, തീറ്റ എന്നിവയുടെ നിർമ്മാണത്തിനായി അതിർത്തി സംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യബന്ധനയാനങ്ങളെ ഇമ്പൗണ്ട് ചെയ്ത് നിയമപ്രകാരം പിഴ ശിക്ഷ ഉൾപ്പെടെയുള്ള നടപടികൾക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ ചെറുമീനുകളെ കൂട്ടത്തോടെ പിടിച്ചെടുക്കുന്നത് മത്സ്യവിഭവശോഷണത്തിന് ഹേതുവാകും എന്ന് മനസ്സിലാക്കി കേരള തീരത്തു സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം (MLS) നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. അത് ശക്തമായി നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികളുടെ കൂടി പങ്കാളിത്തമുണ്ടെങ്കിലേ ഇത്തരം അശാസ്ത്രീയ മത്സ്യബന്ധനം തടയാൻ സാധിക്കൂ എന്നതിനാൽ 2017-ലെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ (ഭേദഗതി) ആക്ടിലൂടെ മത്സ്യത്തൊഴിലാളികളുടെ കൂടി പങ്കാളിത്തത്തോടെ ത്രിതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾക്ക് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മത്സ്യബന്ധനം സംസ്ഥാന നിയമമായ KMER Act-ന് വിധേയമായാണ് നടക്കുന്നത്. അനധികൃത മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനും തടയുന്നതിനും ഫിഷറീസ് വകുപ്പ് മറൈൻ എൻഫോഴ്സ്മെന്റുമായി ചേർന്ന് ശക്തമായ നടപടികൾ

കൈക്കൊണ്ടിട്ടുണ്ട്. KMFR Act-ഉം KMFR Rules-ഉം ലംഘിച്ച് അനധികൃത മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുവാനും എല്ലാ തീരദേശ ജില്ലാ ഓഫീസർമാർക്കും ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കടൽ പട്രോളിംഗ് ശക്തമാക്കുന്നതിന്റെ ഭാഗമായി 9 തീരദേശ ജില്ലകളിലും പട്രോൾ ബോട്ടുകൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷൻ ഇല്ലാതിരുന്ന 4 ജില്ലകളായ ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നിവിടങ്ങളിൽ പുതുതായി ഫിഷറീസ് സ്റ്റേഷനുകൾ ആരംഭിച്ച് പ്രവർത്തിച്ചു തുടങ്ങുകയും ടി ജില്ലകളിലും പട്രോളിംഗ് ശക്തമാക്കുകയും ചെയ്തിട്ടുണ്ട്.

തീരത്തു നിന്നും 12 നോട്ടിക്കൽ മൈൽ അകലെ വരെയുള്ള സംസ്ഥാന അധികാര പരിധിയിൽ വരുന്ന തീരക്കടലിൽ അന്യസംസ്ഥാന ബോട്ടുകളുടെ മത്സ്യബന്ധനം കേരള കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം മൂലം നിരോധിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി നിയമലംഘനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും, ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. അന്യ സംസ്ഥാന ബോട്ടുകൾക്ക് സംസ്ഥാനത്തിന്റെ തീരക്കടലിലൂടെ ഹാർബറുകളിൽ പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനും വാർഷിക പെർമിറ്റ് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്.

[മത്സ്യബന്ധന തുറമുഖ (ബി) വകുപ്പിന്റെ 06.12.2023 തീയതിയിലെ ബി3/55/2021/മതുവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 09.01.2024 ലെ സമിതിയോഗം അംഗീകരിച്ചു.]

എം. എം. മണി,
ചെയർപേഴ്സൺ,
സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,
2026 ഫെബ്രുവരി 23

35494/2025/Office Section I Inward KLS

©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2025 ആഗസ്റ്റ് 19<br>19th August 2025<br>1201 ചിങ്ങം 3<br>3rd Chingam 1201<br>1947 ശ്രാവണം 28<br>28th Sravana 1947 | നമ്പർ<br>No. | 3012 |

GOVERNMENT OF KERALA

**Fisheries and Ports (B) Department**

NOTIFICATION

G.O. (P) No.22/2025/F&PD. *Dated, Thiruvananthapuram, 19th August, 2025*

*03rd Chingam, 1201*

S. R. O. No. 930/2025

In exercise of the powers conferred by sub section (1) and (2) of section 24 of Kerala Marine Fishing Regulation Act, 1980 (10 of 1981), the Government of Kerala hereby make the following rules to amend the Kerala Marine Fishing Regulation Rules, 2018 issued under GO(P) No. 18/2018/F&PD dated 1st September 2018 and published as S.R.O. No. 623/2018 in the Kerala Gazette Extraordinary No. 2284 dated 5th September 2018, namely:-



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/
File No. KLS/2288/2025-Subleg 3 (Computer No. 3666)
Generated from eOffice by Rohini J S, SUBLEG-3 KLS, SUBLEG 3 KLS, KERALA LEGISLATURE SECRETARIAT on 23/02/2026 12:22 PM

# RULES

1. Short title and commencement.- (1) These rules may be called the Kerala Marine Fishing Regulation (Amendment) Rules, 2025.

(2) They shall come into force at once.

2. Amendment of the Rules.- In the Kerala Marine Fishing Regulation Rules, 2018,-

(i) in clause (f) of rule 2, after the word "equivalent" the following words shall be inserted, namely :-

"as may be empanelled by the Department";

(ii) in rule 2, after clause (c), the following clause shall be added, namely:-

"(ca) "Innocent passage" means vessel passes through state's territorial sea without being prejudicial to its peace, good order, or security.";

(iii) in sub-rule (2) of rule 3, for the words "may be regulated", the words "is regulated" shall be substituted;

(iv) in clauses (a) and (d) of sub-rule (2) of rule 3, for the words "from this date", the words "from the date of publication of these rules" shall be substituted;

(v) in the third proviso of the sub-rule (4) of rule 3, for the words "vessel tracking device", the words "Vessel Tracking Device" shall be substituted;

(vi) in rule 4, after sub-rule (5),the following Note shall be added, namely:-

"Note - Illegal materials are those materials which were banned by Government as per the provisions of Kerala Marine Fishing Regulation Act, 1980 & Kerala Marine Fishing Regulation Rules, 2018 which include any dynamite or other explosive substances, poison or noxious chemicals, artificial light with more than 12 watts in total, fish aggregative like spadix, husk, leaf or other part of any plant, plastic material, used net and any other material as may be notified in the Gazette.";



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/
File No. KLS/2288/2025-Subleg 3 (Computer No. 3666)
Generated from eOffice by Rohini J S, SUBLEG-3 KLS, SUBLEG 3 KLS, KERALA LEGISLATURE SECRETARIAT on 23/02/2026 12:22 PM

(vii) in clause (a) of sub-rule (1) of rule 6, before the word dynamite, the word "any" shall be inserted;

(viii) in rule 17, after the sub-rule (7), the following sub-rule shall be added, namely:-

"(8) The owner of the fishing net production unit shall submit an annual report for each financial year including the details of the net produced and the owners of fishing vessels who has purchased.";

(ix) in rule 20, after the sub-rule (2), the following proviso shall be added, namely:-

"Provided that the cost incurred by the Government in seizing and disposal of inedible and unmarketable fish should be recovered from the offenders.";

(x) in rule 20, after the sub-rule (4), the following proviso shall be added namely,-

"Provided that the cost incurred by the Government in seizing and destroying the illegal material should be recovered from the offenders.";

(xi) in sub-rule (5) of rule 20, for the figures and the words "for 2 times", "14 days", the words "for twice", "fourteen days" respectively shall be substituted.

3. *Amendment of Forms*.- In the Forms appended with the Kerala Marine Fishing Regulation Rules, 2018,-

(i) in FORM 10, after the table under Sl.No.4, the words and brackets "of Authorised officer", "(Seal)" shall be omitted;

(ii) heading of all the forms included in these Rules, the words "The Kerala Marine Fishing Regulation Rules, 2018" shall be added;

(iii) after FORM 13, following form shall be added as FORM 14 as per the rule 14.

**FORM 14**

**[See Rule 14]**



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

File No. KLS/2288/2025-Subleg 3 (Computer No. 3666)
Generated from eOffice by Rohini J S, SUBLEG-3 KLS, SUBLEG 3 KLS, KERALA LEGISLATURE SECRETARIAT on 23/02/2026 12:22 PM

# STAGE CERTIFICATE FOR FISHING VESSEL

**Certificate No.:** ..........................................................................................

**Date of Issue:** ..............................................................................................

**Project Reference Number:** ...........................................................................

**Vessel Name:** ...............................................................................................

**Boat Type/Category:** .....................................................................................

**Construction Yard/Shipyard:** .........................................................................

**Contractor:** ...................................................................................................

Address :
.....................................................................................................................
.....................................................................................................................
.....................................................................................................................

**Owner's Name:** ............................................................................................

Address:.............................................................................................................

**Stage of Construction:**

- **Stage Description :** ...............................................................................
- **Stage Start Date:** ..................................................................................
- **Stage Completion Date:** .........................................................................
- **Inspection Date(s):** ................................................................................

**Stage Completion Summary:**

- **Details of Works Completed:**
- **Materials Used:**
- **Quality Control and Testing Conducted:**
- **Standards Met:**

**Inspection and Certification:**



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

File No. KLS/2288/2025-Subleg 3 (Computer No. 3666)
Generated from eOffice by Rohini J S, SUBLEG-3 KLS, SUBLEG 3 KLS, KERALA LEGISLATURE SECRETARIAT on 23/02/2026 12:22 PM

- **Inspecting Authority/Surveyor:**

  Name : ........................................................................................

  Qualification: ..........................................................................

  Signature of Inspector:.................................................................

- **Compliance to Specifications:**

- **Next Stage Description:**

**Certified By (Inspecting Authority)**

Signature : ........................................................................................

Name & Designation : ..........................................................................

Date : ..................................

**Approved By (Owner/Shipyard)**

Signature : ........................................................................................

Name & Designation: ............................................................................

Date : ....................................

**Remarks:**

**End of Stage Certificate**

By order of the Governor,

Abdul Nassar B

*Special Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

File No. KLS/2288/2025-Subleg 3 (Computer No. 3666)
Generated from eOffice by Rohini J S, SUBLEG-3 KLS, SUBLEG 3 KLS, KERALA LEGISLATURE SECRETARIAT on 23/02/2026 12:22 PM

©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2019 സെപ്റ്റംബർ 03<br>03rd September 2019<br>1195 ചിങ്ങം 18<br>18th Chingam 1195<br>1941 ഭാദ്രം 12<br>12th Bhadra 1941 | നമ്പർ<br>No. | 2076 |

GOVERNMENT OF KERALA

Fisheries and Ports (B) Department

NOTIFICATION

G.O.(P)No.36/2019/F&P 01/09/2019

Thiruvananthapuram

**S. R. O. No. 612/2019**

– In exercise of the powers conferred by sub-sections (1) and (2) of section 24 of the Kerala Marine Fishing Regulation Act, 1980 (10 of 1981), the Government of Kerala hereby make the following rules to amend the Kerala Marine Fishing Regulation Rules, 2018 issued under GO(P) No. 18/2018/F&PD dated 1st September, 2018 and published as S.R.O. No. 623/2018 in the Kerala Gazette Extraordinary No. 2284 dated 5th September, 2018, namely:-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## RULES

1. *Short title and commencement.* –(1) These rules may be called the Kerala Marine Fishing Regulation (Amendment) Rules, 2019.

(2) They shall come into force at once.

2. *Amendment of the Rules.* – In the Kerala Marine Fishing Regulation Rules, 2018,-

(i) in the first proviso to sub-rule (4) of rule 3, for the words "fifty thousand", the words "twenty five thousand mechanized fishing vessels, fifteen thousand for modified traditional fishing vessels fitted with inboard motor, and five thousand for other traditional fishing vessels fitted with outboard motor" shall be substituted;

(ii) in sub-rule (1) of rule 4, after item (e), the following item shall be added, namely,-

"(f) bottom trawl net without Turtle Exclusion Device (TED);"

(iii) in sub-rule (2) of rule 6, for the words "fishing gear or" the word "fish" shall be substituted;

(iv) in sub-rule (1) of rule 7, for the existing table the following table shall be substituted, namely:-

**TABLE**

| *Sl. No.* | *Category of fishing vessel based on LOA* | *Amount of Fee (₹)* |
|---|---|---|
| (1) | (2) | (3) |
| 1 | Below 5 meter | 100 |
| 2 | 5 – 9.99 meter | 300 |
| 3 | 10 – 14.99 meter | 2000 |
| 4 | 15 – 19.99 meter | 3000 |
| 5 | 20 – 24.99 meter | 15000 |
| 6 | 25 meter and above | 25000 |

(v) in sub-rule (1) of rule 8, for the word "security", the words "refundable security deposit" shall be substituted;

(vi) in sub-rule (1) of rule 8, for the existing table, the following table shall be substituted, namely:-

TABLE

| *Sl. No* | *Category of fishing vessel based on LOA* | *Amount of Fee (₹) i.* | *Amount of Security to be furnished (₹)* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | Below 5 meter | Nil | Nil |
| 2 | 5 – 9.99 meter | 200 | Nil |
| 3 | 10 – 14.99 meter | 2000 | 2000 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| 4 | 15 – 19.99 meter | 3000 | 5000 |

(vii) in sub-rule (7) of rule 12, in Note:- 1, after 01-Thiruvananthapuram District, the following words and figures shall be inserted as "02 for Kollam, 03 for Pathanamthitta, 04 for Alappuzha, 05 for Kottayam, 06 for Idukki, 07 for Ernakulam, 08 for Trissur, 09 for Palakkad, 10 for Malappuram 11 for Kozhikkode, 12 for Wayanad, 13 for Kannur and 14 for Kasargod";

(viii) in sub-rule 7 of rule 17, in Note:-1, after 01- Thiruvananthapuram District, the following words and figures shall be inserted as "02 for Kollam, 03 for Pathanamthitta, 04 for Alappuzha, 05 for Kottayam, 06 for Idukki, 07 for Ernakulam, 08 for Trissur, 09 for Palakkad, 10 for Malappuram 11 for Kozhikkode, 12 for Wayanad, 13 for Kannur and 14 for Kasargod";

(ix) after sub-rule 2 of rule 21, the following sub-rule shall be added, namely:-

" (3) During adjudication, if the adjudicating officer is of the opinion that no offence is committed under this act, it shall be recorded in writing and orders shall be passed accordingly. Thereafter the authorized officer shall release the sale proceeds of the seized fish to the party concerned".

By order of the Governor,

**K.R.JYOTHILAL**

*Principal Secretary to Government*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

The Government have issued the Kerala Marine Fishing Regulation Rules, 2018 by notification issued under G.O.(P) No. 18/2018/F&PD dated 1st September, 2018 and published as S.R.O. No. 623/2018 in the Kerala Gazette Extraordinary No. 2284 dated 5th September, 2018 by superseding earlier rules in this regard in order to meet the requirements consequent to the amendment made to the Act in the year 2017. Now the Government have decided to amend the said rules in order to minimize registration fee and to reduce license fee and permit fee, the notification is issued.

This notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2019.09.03 01:42:52 +05:30